**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഗുരുതരാവസ്ഥയിലുള്ള നിർദ്ധനരോഗികൾക്ക് ശസ്ത്രക്രിയാ ധനസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ മാത്യു ടി. തോമസ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുന്ന നിർദ്ധനരായവർക്ക് കാൻസർ, വൃക്കരോഗം, ഹൃദ്രോഗം, കരൾ മാറ്റിവയ്ക്കൽ തുടങ്ങിയ ചെലവേറിയ ശസ്ത്രക്രിയകൾക്ക് ധനസഹായം നൽകുന്നതിന് ആരോഗ്യവകുപ്പിന് നിലവിൽ എന്തൊക്കെ ചികിത്സാ ധനസഹായ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സർക്കാരി ന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പരമാവധി 50,000/- രൂപ വരെയുള്ള ധന സഹായം നൽകുന്നുണ്ട് കൂടാതെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം പരമാവധി 5 ലക്ഷം രൂപയുടേയും കാരുണ്യ ബെനവെലന്റ് ഫണ്ട് (KBF) പ്രകാരം 2ലക്ഷം രൂപയുടേയും സൗജന്യ ചികിത്സ നൽകി വരുന്നു. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് KBF പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ ചികിത്സാ മോഡൽ കോസ്റ്റിംഗ് പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ വഴി സൗജന്യമാക്കിയിട്ടുണ്ട്. ഇതിൽ ജന്മനായുള്ള ഹൃദ്രോഗ ബാധിതരായ 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ചികിത്സ ഹൃദ്യം പദ്ധതി വഴി സൗജന്യമാക്കിയിട്ടുണ്ട് ആർ.ബി.എസ്. കെ നിബന്ധനകളിൽപ്പെടാത്ത മറ്റ് അസുഖങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതി വഴി ചികിത്സ സഹായം ലഭ്യമാക്കുന്നു. |
| (ബി) | അടിയന്തരമായി ശസ്ത്രക്രിയ ആവശ്യമുള്ള രോഗികൾക്ക് മുൻഗണന നൽകുവാൻ പ്രസ്തുത പദ്ധതികളിൽ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | നിലവിൽ വ്യവസ്ഥയില്ല. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന അടിയന്തരമായി ശസ്ത്രക്രിയ നടത്തുന്നതിന് മുൻകൂറായി ധന സഹായം അനുവദിക്കുന്നില്ല. KASP, KBF പദ്ധതി പ്രകാരം അടിയന്തരമായി ശസ്ത്രക്രിയ ആവശ്യമുള്ള രോഗികൾക്ക് മുൻഗണന |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് ചികിത്സ തേടുന്ന ആശുപത്രികൾക്ക് പ്രത്യേക തീരുമാനം കൈക്കൊള്ളാവുന്നതാണ്. അടിയന്തിര ശസ്ത്രക്രിയ ആവശ്യമായ ഗുരുതര ഹൃദ്രോഗ ബാധിതരായ കുട്ടികളെ എത്രയും വേഗം എംപാനൽ ചെയ്ത ആശുപത്രികളിൽ എത്തിച്ച് ശസ്ത്രക്രിയ ചെയ്യുന്നുണ്ട്. |
| (സി) | മേൽപ്പറഞ്ഞ ശസ്ത്രക്രിയകൾക്ക് ആവശ്യമായിവരുന്ന മുഴുവൻ തുകയും പ്രസ്തുത പദ്ധതികളിലൂടെ നൽകുവാൻ കഴിയുന്നുണ്ടോ; തുക അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | ഇല്ല. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം സൊസൈറ്റി അംഗീകൃത ആശുപത്രി കളുടെ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന തുക പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായമായി നൽകി വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം പരമാവധി 5 ലക്ഷം രൂപയുടേയും കാരുണ്യ ബെനവെലന്റ് ഫണ്ട് (KBF) പ്രകാരം 2ലക്ഷം രൂപയുടേയും സൗജന്യ ചികിത്സ നൽകി വരുന്നു. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് KBF പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്. ധന സഹായം ലഭിക്കാനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന ചികിത്സാ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കാണ് ധനസഹായം നൽകുന്നത്.

അംഗീകൃത ചികിത്സകളും ശസ്ത്രക്രിയകളും ചുവടെ ചേർക്കുന്നു.

1. മസ്തിഷ്ക ശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
4. കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
5. പേസ് മേക്കർ സ്ഥാപക്കൽ
6. ആഞ്ജിയോ പ്ലാസ്റ്റി
7. കാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ )
8. ഡയാലിസിസ്
9. ട്യൂമർ റിമൂവൽ
10. അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ - റിസക്ഷനും പ്രൊസ്തസിസും , ലംബാർ തൊറാസിക്ക് , വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ ,കാൽമുട്ട് മാറ്റിവെയ്ക്കൽ
11. സിക്കിൾ സെൽ അനീമിയ
12. ഗില്ലൻബാരി സിൻഡ്രോം
13. ഹിപ്പ് റീപ്ലേസ്മെന്റ് സർജ്ജറി
14. ഹിസ്റ്ററക്ടമി
15. വന്ധ്യതാചികിത്സാ
16. ക്രോണിക് ലിവർ ഡിസീസ്

**അംഗീകൃത ആശുപത്രികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

1.ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം

2.റീജിനൽ കാൻസർ സെന്റർ, തിരുവനന്തപുരം

3.ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

4.ഗവണ്മെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ

5.ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ

6.ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോട്ടയം

7.ഗവണ്മെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്

8.ഗവണ്മെന്റ് മെഡിക്കൽ കോളേജ് ആശുപത്രി ,കളമശ്ശേരി. കോച്ചി.

9.ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രി, പാണമ്പി, പെരുന്തൽമണ്ണ, മലപ്പുറം.

10.സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ.

11.മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ.

12.ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം.

13.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്.

14.ജനറൽ ആശുപത്രി, എറണാകുളം

15.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം.

16.ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, മലപ്പുറം.

17.ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ഇടുക്കി.

18..സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം

19.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോല്ലം.

20.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ

21.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, എറണാകുളം

22.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട്

23.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്

24.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കണ്ണൂർ.

25.ജനറൽ ആശുപത്രി, തിരുവനന്തപുരം.

26.ജനറൽ ആശുപത്രി, പത്തനംതിട്ട

27.ജനറൽ ആശുപത്രി, അടൂർ, പത്തനംതിട്ട

28.ജനറൽ ആശുപത്രി, ആലപ്പുഴ

29.ജനറൽ ആശുപത്രി, കോട്ടയം

30.പാണക്കാട് സെയ്യദ്മുഹമ്മദാലി ശിഹാബ്തങ്ങൾ സ്മാരക ജനറൽ ആശുപത്രി, മലപ്പുറം.

31.ജനറൽ ആശുപത്രി, കോഴിക്കോട്.

32.ജനറൽ ആശുപത്രി, കൽപറ്റ, വയനാട്

33.ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ

34.ജനറൽ ആശുപത്രി, കാസർഗോഡ്

35.ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം

36.ജില്ലാ ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം

37.ജില്ലാ ആശുപത്രി, കൊല്ലം.

38.ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട.

39.ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ.

40.ജില്ലാ ആശുപത്രി, കോട്ടയം

41.ജില്ലാ ആശുപത്രി, ആലുവ, എറണാകുളം

42.ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി

43.ജില്ലാ ആശുപത്രി, തൃശ്ശൂർ

44.ജില്ലാ ആശുപത്രി, പാലക്കാട്

45.ജില്ലാ ആശുപത്രി, തിരൂർ

46.ജില്ലാ ആശുപത്രി, വടക്കര, കോഴിക്കോട്

47.ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്

48.ജില്ലാ ആശുപത്രി, കണ്ണൂർ

49.ജില്ലാ ആശുപത്രി, കാഞ്ഞങ്ങായട്, കാസർഗോഡ്

**പക്ഷാഘാത ചികിത്സയ്ക്ക് വേണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിയ ആയുർവേദ ആശുപത്രികൾ ചുവടെ ചേർക്കുന്നു**

1.ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

2.ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം

3.ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ.

4.ജില്ലാ ആയുർവേദ ആശുപത്രി, തിരുവനന്തപുരം

5.ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം

6.ജില്ലാ ആയുർവേദ ആശുപത്രി, ആലപ്പുഴ

7.ജില്ലാ ആയുർവേദ ആശുപത്രി, പത്തനംതിട്ട

8.ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയം

9.ജില്ലാ ആയുർവേദ ആശുപത്രി, ഇടുക്കി

10.ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം

11.ജില്ലാ ആയുർവേദ ആശുപത്രി, തൃശ്ശൂർ

12.ജില്ലാ ആയുർവേദ ആശുപത്രി, മലപ്പുറം

13.ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട്

14.ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്

15.ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ

16.ജില്ലാ ആയുർവേദ ആശുപത്രി, വയനാട്

17.ജില്ലാ ആയുർവേദ ആശുപത്രി, കാസർഗോഡ്

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവെലന്റ് ഫണ്ട് (KBF) പദ്ധതി മുഖേന ചികിത്സാ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

2018-19 സാമ്പത്തിക വർഷം പ്രാബല്യത്തിലുള്ള ആർ.എസ്.ബി.വൈ കാർഡുള്ള എല്ലാ കുടുംബാംഗങ്ങൾക്കും കേന്ദ്രസർക്കാരിന്റെ എസ്.ഇ.സി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹമായ കുടുംബാംഗങ്ങൾക്കും ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)യിൽ അംഗത്വം എടുക്കാവുന്നതാണ് ഈ പദ്ധതിയിൽ ഗുണഭോക്താക്കളല്ലാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങൾക്കും KBF പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്.

ആരോഗ്യ കിരണം പദ്ധതി വഴി ചികിത്സാ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

രോഗബാധിതരായ കുട്ടികൾ ജില്ലാ തലത്തിൽ നൽകുന്ന അപേക്ഷയിൻമേൽ ജില്ലാ തല എക്സ്പ്പർട്ട് കമ്മിറ്റി കൂടി കുട്ടിയുടെ അവസ്ഥ വിശദമായി പരിശോധിച്ച് ശുപാർശ ചെയ്യുന്ന അടിസ്ഥാനത്തിൽ പ്രത്യേക സർക്കാർ ഉത്തരവ് വഴിയാണ് ചികിത്സാ സഹായം നൽകുന്നത്. ആർ.ബി.എസ്.കെ പദ്ധതി പ്രകാരം 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ചികിത്സാ സഹായം ലഭിക്കുന്നുണ്ട്. ആദായ നികുതിദായകർക്കും സർക്കാർ/പൊതു മേഖലാ സ്ഥാനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ആരോഗ്യ കിരണം പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല..

സെക്ഷൻ ഓഫീസർ